**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 132** — **13-02-2025 - ൽ മറുപടിയ്ക്ക്**

**കെ-റെയിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, ശ്രീമതി കെ. കെ. ശൈലജ ടീച്ചർ , ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കെ-റെയിൽ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്നും പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ അനുകൂലമായ നിലപാട് സ്വീകരിച്ചിട്ടുണ്ടോ എന്നും വിശദമാക്കുമോ; | (എ) | 2024 ഒക്ടോബർ 16 ന് ബഹു. മുഖ്യമന്ത്രിയും കേന്ദ്ര റെയിൽവേ വകുപ്പ മന്ത്രിയുമായി നടത്തിയ ചർച്ചയിൽ സിൽവർലൈൻ പദ്ധതിയ്ക്ക് കേന്ദ്രം എതിരല്ല എന്ന് അറിയിച്ചിട്ടുണ്ട്. സിൽവർലൈൻ പദ്ധതിക്ക് നിക്ഷേപപൂർവ്വ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനു തത്വത്തിലുള്ള അംഗീകാരം കേന്ദ്ര റെയിൽ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിരുന്നു. തുടർന്ന് സിൽവർലൈൻ പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട് കെ.ആർ.ഡി.സി.എൽ പൂർത്തീകരിക്കുകയും 17.06.2020 ന റെയിൽവേ മന്ത്രാലയത്തിനു സമർപ്പിക്കുകയും ചെയ്തു. ഡി.പി.ആർ അവലോകനത്തിന്റെ ഭാഗമായി റെയിൽവേ മന്ത്രാലയം ആവശ്യപ്പെട്ട അധിക വിവരങ്ങൾക്ക് സ്പഷ്ടീകരണം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സിൽവർലൈൻ പദ്ധതിയുടെ കേന്ദ്രാനുമതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി തലത്തിലുൾപ്പെടെ ഉന്നതതല യോഗങ്ങളും കത്തിടപാടുകളും റെയിൽവേയുമായി നടത്തിവരുന്നുണ്ട്. റെയിൽവേയിൽ നിന്നും അന്തിമാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ തുടർ നടപടിക്രമങ്ങളുമായി മുന്നോട്ടു പോകുന്നതാണ്. |
| (ബി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം പ്രാഥമിക പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ ഇതിനകം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 2024 ഒക്ടോബർ 16 ന് ബഹു. മുഖ്യമന്ത്രിയും കേന്ദ്ര റെയിൽവേ വകുപ്പ മന്ത്രിയുമായി നടത്തിയ ചർച്ചയിൽ സിൽവർലൈൻ പദ്ധതിയ്ക്ക് കേന്ദ്രം എതിരല്ല എന്ന് അറിയിച്ചിട്ടുണ്ട്. സിൽവർലൈൻ പദ്ധതിക്ക് നിക്ഷേപപൂർവ്വ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനു തത്വത്തിലുള്ള അംഗീകാരം കേന്ദ്ര റെയിൽ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിരുന്നു. തുടർന്ന് സിൽവർലൈൻ പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട് കെ.ആർ.ഡി.സി.എൽ പൂർത്തീകരിക്കുകയും 17.06.2020 ന റെയിൽവേ മന്ത്രാലയത്തിനു സമർപ്പിക്കുകയും ചെയ്തു. ഡി.പി.ആർ അവലോകനത്തിന്റെ ഭാഗമായി റെയിൽവേ മന്ത്രാലയം ആവശ്യപ്പെട്ട അധിക വിവരങ്ങൾക്ക് സ്പഷ്ടീകരണം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സിൽവർലൈൻ പദ്ധതിയുടെ കേന്ദ്രാനുമതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി തലത്തിലുൾപ്പെടെ ഉന്നതതല യോഗങ്ങളും കത്തിടപാടുകളും റെയിൽവേയുമായി നടത്തിവരുന്നുണ്ട്. റെയിൽവേയിൽ നിന്നും അന്തിമാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ തുടർ നടപടിക്രമങ്ങളുമായി മുന്നോട്ടു പോകുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പദ്ധതിയുടെ അലൈൻമെന്റിൽ മാറ്റം വരുത്തുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | സിൽവർലൈൻ പദ്ധതിയുടെ അലൈൻമെന്റ് ഉൾപ്പെടെയുള്ള വിശദ പദ്ധതി റിപ്പോർട്ട്  റെയിൽവേക്കു അന്തിമാനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് നിലവിൽ റെയിൽവേ ബോർഡിന്റെ പരിശോധനയിലാണ്. |
| (ഡി) | കെ-റെയിൽ പദ്ധതിയ്ക്കായി ഏകദേശം എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്നും പ്രസ്തുത തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ? | (ഡി) | വിശദമായ പദ്ധതി റിപ്പോർട്ട് അനുസരിച്ച് സിൽവർ ലൈൻ പദ്ധതിക്കായി 63,941 കോടി രൂപയാണ് ആവശ്യമായി വരിക. ധനസമാഹരണ രീതി ചുവടെ ചേർക്കുന്നു. |

| **വിശദാംശങ്ങൾ** | **തുക** | **ശതമാന** |
|---|---|---|
| **മൂലധനം** | | |
| റെയിൽ മന്ത്രാലയം | Rs.3,125 കോടി | 4.98% |
| കേരള സർക്കാർ | Rs.3,253 കോടി | 5.09% |
| പൊതു പങ്കാളിത്ത നിക്ഷേപം | Rs.4,252 കോടി | 6.65% |
| **അന്താരാഷ്ട്ര വായ്പ** | Rs.33,700 കോടി | 52.70% |
| **സബോർഡിനേറ്റ് ഡബ്റ്റ്** | | |
| കേന്ദ്ര സർക്കാർ (നികുതി ഇളവ്) | Rs.3189 കോടി | 4.99% |
| കേരള സർക്കാർ (നികുതി ഇളവ്) | Rs.2896 കോടി | 4.53% |
| കേരള സർക്കാർ - സ്ഥലമേറ്റെടുപ്പിനുള്ള ചിലവ് (land, EIA and R&R) | Rs.11,837 കോടി | 18.51% |
| JDA (ഭൂഉടമകൾക്കായുള്ള ഡെഫേർഡ് പെയ്മെന്റ് സ്കീം) | Rs.1,525 കോടി | 2.39% |
| നിർമ്മാണ കാലഘട്ടത്തിലെ വായ്പ പലിശ കേരള സർക്കാർ | Rs.164 കോടി | 0.26% |
| **ആകെ** | **Rs. 63,941 കോടി** | **100%** |

സെക്ഷൻ ഓഫീസർ